കേരള സാഹിത്യ അക്കാദമി
പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

പത്രക്കുറിപ്പ് 26.08.2017

# പി.മീരാക്കുട്ടിയുടെ നിര്യാണത്തിൽ അനുശോചിക്കുന്നു

സാഹിത്യവിമർശകനും ചരിത്രഗവേഷകനും ഭാഷാധ്യാപകനും സാംസ്കാരികപരിപാടികളുടെ മികച്ച സംഘാടകനുമായ പ്രൊഫ.പി.മീരാക്കുട്ടി കേരള സാഹിത്യ അക്കാദമി അംഗം എന്ന നിലയിൽ ശ്രേഷ്ഠമായ പ്രവർത്തനം കാഴ്ചവെച്ച പ്രതിഭാശാലിയാണ്. സാഹിത്യാന്തരീക്ഷത്തിൽ സൗമ്യസാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയനായ മീരാക്കുട്ടി ജീവചരിത്രരചനയിൽ അനന്യമായ മികവ് പുലർത്തി. പുതിയ തലമുറയിൽപ്പെട്ട എഴുത്തുകാരെ കണ്ടെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം സന്ദർഭമൊരുക്കി. പ്രൊഫ.പി.മീരാക്കുട്ടിയുടെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിക്കുന്നു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

പത്രക്കുറിപ്പ് 26.08.2017

## പ്രൊഫ.എൻ.ആർ.ഗോപിനാഥപ്പിള്ളയുടെ നിര്യാണത്തിൽ അനുശോചിക്കുന്നു

പ്രശസ്ത ഭാഷാശാസ്ത്രജ്ഞനും വ്യാകരണപണ്ഡിതനുമായ പ്രൊഫ.എൻ.ആർ. ഗോപിനാഥപ്പിള്ള കൈരളിയെ ഉപാസിച്ച ശ്രേഷ്ഠനായ സാഹിത്യനായകനാണ്. അധികമാരും കൈവക്കാത്ത മേഖലകളിലായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണ പ്രവർത്തനങ്ങൾ. പ്രാചീനകേരളത്തിന്റെ ഭാഷാസവിശേഷതകൾ കണ്ടെടുക്കാൻ അദ്ദേഹം സവിശേഷ ശ്രദ്ധ പുലർത്തി. പ്രൊഫ.എൻ.ആർ.ഗോപിനാഥപ്പിള്ളയുടെ നിരാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിക്കുന്നു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി